പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2932 — 22.06.2012 ൽ മറുപടിയ്ക്ക്

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; | എ) & ബി) | 5 കോടി രൂപ നീക്കി വച്ചിരുന്നു. ഇതിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ബി) പ്രസ്തുത ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എത്ര തുകയാണ് ചെലവഴിച്ചത്; | | |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എത്ര നഗരങ്ങളിൽ നടപ്പാക്കി; | സി) | സംസ്ഥാനത്തെ 60 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനുകളും ഉൾപ്പെടെ 65 നഗരസഭാസ്ഥാപനങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായ പ്രചരണ പ്രവർത്തനങ്ങളും പരിശീലനങ്ങളും എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. 41 നഗരസഭാസ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. |
| ഡി) മേൽപ്പറഞ്ഞ പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലുള്ള കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷം കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | ഡി) | ആവശ്യാധിഷ്ഠിത പദ്ധതിയായ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ